**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2247** — **01-09-2022 - ൽ മറുപടിയ്ക്ക്**

**സുൽത്താൻ ബത്തേരി നഗരസഭയിലെ നടവഴിയുടെയും പാലത്തിന്റെയും നിർമാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ജോബ് മൈക്കിൾ** | | **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ (തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സുൽത്താൻ ബത്തേരി നഗരസഭയിലെ തിരുനെല്ലി 16-ാം ഡിവിഷനിൽ ടെക്നിക്കൽ ഹൈസ്കൂളിന് സമീപമുള്ള എൻ.എച്ച്-766 നോടും 3.5 സെന്റ് കോളനിയോടും ചേർന്നുള്ള നടവഴിയും നടവഴിയോട് ചേർന്നുള്ള പാലവും പൂർണ്ണമായും തകർന്നത് ശ്രദ്ധിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. 2018, 2019 എന്നീ കാലയളവുകളിൽ പെയ്ത ശക്തമായ മഴയിൽ നടവഴിയും നടവഴിയോട് ചേർന്നുള്ള കൾവർട്ടും തകർന്നതിനെ തുടർന്ന് നഗരസഭ ഇടപെട്ട് മൈനർ ഇറിഗേഷൻ വകുപ്പ് മുഖേന തോടിന്റെ പാർശ്വഭിത്തി നിർമ്മാണം ഭാഗികമായി പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | മഴയെത്തുടർന്ന് തോടിന്റെ ഇരുവശങ്ങളിലേക്ക് മണ്ണിടിഞ്ഞ് പ്രദേശവാസികൾക്ക് ഭീഷണി സൃഷ്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | 3.5 സെൻറ് കോളനി വാസികളുടെയും പ്രദേശത്തുള്ള മറ്റ് താമസക്കാരുടെയും വീടിനോട് ചേർന്നുള്ള പാർശ്വഭിത്തി നിർമ്മാണം മൈനർ ഇറിഗേഷൻ വകുപ്പ് മുഖാന്തരം പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ പ്രദേശവാസികൾക്കുള്ള ഭീഷണി ഒഴിവായിട്ടുണ്ട്. |
| (സി) | എങ്കിൽ നടവഴിയും നടവഴിയോട് ചേർന്നുള്ള പാലത്തിന്റെയും നിർമാണം പൂർത്തീകരിക്കുന്നതിനും തോടിന്റെ വശങ്ങളിൽ സംരക്ഷണ ഭിത്തി നിർമിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | നടവഴിയോട് ചേർന്നുള്ള ചെറിയ തോടിന് കുറുകെ പ്രദേശവാസികൾ സ്ഥാപിച്ച താത്കാലിക പൈപ്പ് കൾവർട്ട് നിലവിലുണ്ട്. തോടിന്റെ പാർശ്വഭാഗങ്ങളിൽ ഇനി പൂർത്തീകരിക്കാനുള്ള ഭാഗത്തിന് മൈനർ ഇറിഗേഷൻ വകുപ്പിന്റെ 10 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ